# കൈ നനച്ചുമില്ല; മീൻ കിട്ടിയതുമില്ല

അനീന കെ.ആർ.

നവരസങ്ങളെ അടിസ്ഥാനമാക്കിയുള്ള 9 സിനിമകൾ എന്ന ജയരാജിന്റെ സ്വപ്നത്തിലെ രണ്ടാമത്തെ ഇതളായ ശാന്തം ആത്മാർത്ഥതയില്ലായ്മകൊണ്ട് പരാജയപ്പെട്ടുപോയ ഒരു ചലച്ചിത്രപരിശ്രമമാണ്.

കണ്ണൂരിലെ അമ്മമാർക്ക് ഈ ചിത്രം സമർപ്പിക്കുന്നതായുള്ള പത്രപ്രസ്താവനകൾ ഉണ്ടായിരുന്നില്ലെങ്കിൽ പോലും ഒരു കാര്യം വ്യക്തമാണ്. അവിടത്തെ രാഷ്ട്രീയകൊലപാതകങ്ങളെക്കുറിച്ചുള്ള വാർത്തകളിൽ നിന്ന് രൂപം കൊണ്ടതാണ് ശാന്തം. അമ്മമാരുടെ ചെറുത്തുനിൽപ്പിനുമാത്രമേ ഈ രാഷ്ട്രീയാന്ധതയ്ക്കെതിരെ എന്തെങ്കിലും ചെയ്യാനാവൂ എന്നാണ് ശാന്തം മുന്നോട്ടുവയ്ക്കുന്ന ആശയം. പക്ഷെ വാർത്തകളിൽ നിന്ന് എന്നത് ഒരിക്കൽക്കൂടി ആവർത്തിക്കേണ്ടതുണ്ട്. കാരണം, പത്രവാർത്തകൾക്കപ്പുറത്ത് കണ്ണൂരിന്റെ യാഥാർത്ഥ്യങ്ങൾ അന്വേഷിച്ച് മിനക്കെടാൻ സംവിധായകനും തിരക്കഥാകൃത്തും തയ്യാറായിട്ടില്ല. സിനിമ തന്നെ ഇതിന് ഒന്നാന്തരം തെളിവ്. ഈ അലസതയാണ് ഏറെ സാധ്യതകളുണ്ടായിരുന്ന ഒരു കഥയെ ദുർബ്ബലമായ ഒരു ദൃശ്യാവിഷ്കാരമാക്കിത്തീർത്തത്.

രാഷ്ട്രീയകൊലപാതകങ്ങൾ നടമാടുന്ന ഒരു നാട്ടിൽ നിന്ന് ദൂരെയുള്ള തിരുനാവായിൽ എത്തുന്ന രണ്ട് അമ്മമാരാണ് ശാന്തത്തിലെ പ്രധാന കഥാപാത്രങ്ങൾ. കൊല്ലപ്പെട്ട മകന്റെ ആത്മാവിന്റെ മോക്ഷപ്രാപ്തിക്കായാണ് ഒരമ്മ (കെ.പി.എ.സി. ലളിത) എത്തുന്നത്. മറ്റേയാൾ (സീമാബിശ്വാസ്) ഏതു നിമിഷവും കൊല്ലപ്പെട്ടേക്കാവുന്ന മകന്റെ ആയുസ്സിനുവേണ്ടി ഹോമം നടത്താനും. രാഷ്ട്രീയാന്ധതയിൽ ആത്മാർത്ഥ സുഹൃത്തിനെ വെട്ടിക്കൊന്ന വേലായുധന്റെ (ഐ.എം. വിജയൻ) ആത്മപീഡകളാണ് മറ്റൊരു പ്രധാന കഥാംശം.

നല്ലൊരു തുടക്കവും അതിഗംഭീരമായൊരു അവസാനവും ശാന്തത്തിനുണ്ട്.



വാൾത്തലപ്പിൽ തുമ്പി വന്നിരിക്കുന്ന അവസാനദൃശ്യം സമീപകാലസിനിമകളിൽ കണ്ട ഏറ്റവും മികച്ച അന്ത്യരംഗമാണെന്നു പറയാം. പക്ഷെ ഇതിനിടയ്ക്കുള്ള ഭാഗങ്ങൾ ശാന്തം പാപം എന്ന് സഹതപിക്കാൻ തോന്നുമാറ് ദുർബ്ബലമാണ് പലപ്പോഴും. പാർട്ടി ഓഫീസ് രംഗങ്ങളുടെ ചിത്രീകരണം തന്നെ മികച്ച ഉദാഹരണം.

ഒരു പ്രദേശത്ത് കൊല നടത്താൻ മറ്റു പ്രദേശങ്ങളിൽ നിന്നുള്ള ആളുകളെ കൊണ്ടുവരികയാണ് കണ്ണൂരിലൊക്കെയുള്ള പൊതുസമ്പ്രദായം. അങ്ങിനെയല്ലെങ്കിൽ പോലും കൊല നടത്തിയവരെ പാർട്ടിക്കാർ എത്രയും പെട്ടെന്ന് സുരക്ഷിതമായ സ്ഥലങ്ങളിലേയ്ക്ക് മാറ്റും. വേലായുധന്റെ കാര്യത്തിൽ പക്ഷെ അങ്ങനെ സംഭവിക്കുന്നതായി കാണുന്നില്ല.

സംവിധായകന്റെ അശ്രദ്ധയുടെ ഉദാഹരണങ്ങളും നിരവധി. കൊല നടക്കുമ്പോൾ വീട്ടിനുള്ളിൽ ജ്യേഷ്ഠാനുജന്മാരുണ്ടായിരുന്നു. അനുജന് അക്രമികളിൽ നിന്നും ഓടിരക്ഷപ്പെടാനുള്ള പഴുതു കിട്ടിയതായി സിനിമയിൽ കാണിക്കുന്നില്ല. അയാൾ പിന്നെ എവിടെ പോയിയെന്ന് കാണികളിൽ സംശയമുണർത്തുന്നതാണ് തുടർന്നുള്ള ദൃശ്യങ്ങൾ. തിരുനാവായിലെത്തിയ വേലായുധൻ പുഴക്കരയിലും മരച്ചുവട്ടിലുമൊക്കെയിരിക്കുന്ന ദൃശ്യങ്ങൾ കാണിച്ചശേഷം ഒരു രാത്രി മഴ നനഞ്ഞ് കൊണ്ട് പറയുന്നത് ഈ ആകാശവും ഭൂമിയുമൊക്കെ കണ്ടിട്ട് എത്രനാളായി എന്നാണ്.

കഥയെ തിരുനാവായിലേയ്ക്ക് കൊണ്ടുവന്നത് മാമാങ്കത്തേയും അധികാരത്തിനുവേണ്ടി സ്വജീവിതങ്ങൾ അർപ്പണം നടത്തിയ ചാവേറുകളേയും ഓർമ്മിപ്പിക്കാനാണ്. പക്ഷേ തിരുനാവായിലെത്തിയതോടെ തിരക്കഥാകൃത്തായ മാടമ്പിന്റെ ദൗർബ്ബല്യങ്ങൾ ആവർത്തിക്കപ്പെട്ടു. ക്ഷേത്രാചാരങ്ങളും ഒന്നും അങ്ങിനെയങ്ങിനെ തിരക്കഥയെ അതേപടി പകർത്തിവെയ്ക്കാനല്ലാതെ സംവിധായകന്റെ കണ്ണിലൂടെ പുനസൃഷ്ടിക്കാൻ ജയരാജ് ശ്രമം നടത്തിയതായി അനുഭവപ്പെടുന്നുമില്ല.

ഫുട്ബോളർ ഐ.എം. വിജയനെ നായകനായി നിശ്ചയിച്ചുകൊണ്ടാണ് ശാന്തത്തിന്റെ പരസ്യപ്രചരണത്തിന് ജയരാജ് തുടക്കമിട്ടത്. കാർത്ത്യായനിയെ അവതരിപ്പിക്കാൻ സീമാബിശ്വാസിനെ കൊണ്ടുവന്നതും ഒരു തന്ത്രമായേ കാണാനാവുന്നുള്ളൂ. ആറ് പാട്ടുകളാണ് ശാന്തത്തിനുവേണ്ടി റെക്കോഡ് ചെയ്ത് കാസറ്റായി പുറത്തിറക്കിയിട്ടുള്ളത്. സിനിമയിൽ ഉപയോഗിച്ചിരിക്കുന്നതാകട്ടെ ഒരെണ്ണവും. ഉപഭോക്തൃവഞ്ചനയുടെ ഗൗരവമായി കാണേണ്ട ഒരു മുഖമാണിത്.

വേണ്ടത്ര തയ്യാറെടുപ്പുകൾ ആത്മാർത്ഥമായി നടത്തിയിരുന്നുവെങ്കിൽ ശ്രദ്ധേയമായ ഒരു സിനിമയായി മാറുമായിരുന്നു ശാന്തം. പക്ഷേ ഐ.എം. വിജയൻ, സീമബിശ്വാസ്, കണ്ണൂർ എന്നിങ്ങനെ ചില തന്ത്രപരമായ ചേരുവകൾ പരീക്ഷിച്ച് ചുളുവിൽ ശ്രദ്ധപിടിച്ചുപറ്റാനുള്ള ശ്രമമാണ് ജയരാജിൽ നിന്നുണ്ടായിരിക്കുന്നത്. കലയുടെ ഖജനാവിലേയ്ക്ക് കുറുക്കുവഴികളില്ലെന്ന് ഈ സംവിധായകൻ ഇനിയെന്നാണ് മനസ്സിലാക്കുക.